# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.448

### 29-05-2019 ൽ മറുപടിക്ക്

### മസാല ബോണ്ടുകളിലെ നിക്ഷേപം

| ചോദ്യം<br>ശ്രീ. വി.എസ്.ശിവകുമാർ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. സണ്ണി ജോസഫ് | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബിയുടെ മസാല ബോണ്ടുകൾ കനേഡിയൻ പ്രവിശ്യയായ ക്യൂബക്കിൽ പ്രൈവറ്റായി പ്ലേസ് ചെയ്തിരുന്നോ; | കിഫ്ബിയുടെ മസാല ബോണ്ട് ഒരു പ്രൈവറ്റ് ഇഷ്യൂ അല്ല. ഇൻസ്റ്റിറ്റ്യൂഷണൽ നിക്ഷേപകരെ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു പബ്ലിക് ഇഷ്യൂ ആണ്. ഇതുവരെ ഇന്ത്യൻ കമ്പനികൾ ഇഷ്യൂ ചെയ്ത മസാല ബോണ്ടിൽ നിക്ഷേപം നടത്തിയിട്ടുള്ള എല്ലാ നിക്ഷേപകരുമായും കിഫ്ബി മീറ്റിംഗ് നടത്തിയിരുന്നു. ലണ്ടൻ, സിംഗപ്പൂർ, ഹോങ്കോങ്ങ്, യു എ ഇ എന്നീ രാജ്യങ്ങളിൽ നടന്ന റോഡ്ഷോകളിൽ നിക്ഷേപകരുടെ അഭിപ്രായങ്ങളും, ഇതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന നിയമ വ്യവസ്ഥകളും വിലയിരുത്തിയ ശേഷമാണ് ഓഫറിങ് സർക്കുലർ പ്രസിദ്ധീകരിച്ചത്. കനേഡിയൻ നിയമ വ്യവസ്ഥകൾ പ്രകാരം റീട്ടെയിൽ നിക്ഷേപകരിൽ നിന്നും ബോണ്ടുകൾ വഴി പണം സ്വീകരിക്കണമെങ്കിൽ ബന്ധപ്പെട്ട സെക്യൂരിറ്റി റെഗുലേറ്ററിന്റെ അംഗീകാരം തേടിയ ശേഷം പ്രോസ്പെക്റ്റ്സ് പുറപ്പെടുവിക്കേണ്ടതാണ്. ഇത് വളരെ സങ്കീർണ്ണവും കാലതാമസം വരുന്നതുമായ ഒരു നടപടിക്രമമാണ്. ഈ കാലതാമസം ഒഴിവാക്കി ആ രാജ്യത്തിലെ നിക്ഷേപകർക്കും അവസരം |

| | |
|---|---|
| | കൊടുക്കുന്നതിനായാണ് മറ്റു രാജ്യങ്ങളിലെ നിയമവവ്യവസ്ഥകൾ ഉൾപ്പെടുത്തിയതു പോലെ കാനഡയിലെയും വ്യവസ്ഥകൾ ഉൾപ്പെടുത്തി ഓഫറിങ് സർക്കുലർ പുറപ്പെടുവിച്ചത്. ഇതിൻ പ്രകാരം ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സ് ( FATF ) അംഗീകരിച്ച ലോകത്തിലെ എല്ലാ ഇൻസ്റ്റിറ്റ്യൂഷണൽ നിക്ഷേപകർക്കും പ്രസ്തുത ബോണ്ടിൽ പങ്കെടുക്കാമായിരുന്നു. ഇത് കാനഡയിലെ ക്യൂബക് പ്രവിശ്യയിൽ നടത്തിയ പ്രൈവറ്റ് പ്ലേസ്മെന്റ് അല്ല. |
| (ബി) കനേഡിയൻ പ്രവിശ്യയായ ക്യൂബക്കിൽ കിഫ്ബിയുടെ ബോണ്ടിൽ ഇൻവെസ്റ്റ് ചെയ്യുന്ന കമ്പനികളുടെ പേരുകൾ വെളിപ്പെടുത്താൻ പാടില്ല എന്ന കരാറിൽ കിഫ്ബി ഏർപ്പെട്ടിട്ടുണ്ടോ; | ഇല്ല.<br>മസാല ബോണ്ടുകളിൽ റിസർവ് ബാങ്ക് നിയമപ്രകാരം ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സ് ( FATF ) അംഗീകരിച്ച നിക്ഷേപകർക്ക് മാത്രമേ പങ്കെടുക്കുവാൻ സാധിക്കൂ. കിഫ്ബിയുടെ മസാല ബോണ്ടിൽ പങ്കെടുത്ത എല്ലാ നിക്ഷേപകരും RBI നിഷ്കർഷിക്കുന്ന KYC മാനദണ്ഡം പാലിച്ചുവന്നവരാണ്. അസറ്റ് മാനേജർസ്, ഇൻഷുറൻസ്, പെൻഷൻ ഫണ്ട്, ബാങ്കിങ് , പ്രൈവറ് വെൽത് മാനേജർസ് എന്നീ വിവിധ ശ്രേണികളിൽ നിന്നായി സി.ഡി.പി.ക്യൂ ഉൾപ്പടെ 16 സ്ഥാപനങ്ങളാണ് കിഫ്ബിയുടെ മസാല ബോണ്ടിൽ നിലവിൽ നിക്ഷേപം നടത്തിയിരിക്കുന്നത്. ഈ നിക്ഷേപകരെ സംബന്ധിച്ച് കിഫ്ബിയിൽ ലഭ്യമായിട്ടുള്ള വിശദാംശങ്ങൾ ഇടപാട് നടന്ന ദിവസത്തെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. ഇതിനു ശേഷം സെക്കന്ററി വിപണിയിൽ കച്ചവടം നടക്കാനുള്ള സാധ്യത കണക്കിലെടുത്താൽ, നിലവിൽ ഈ ബോണ്ടുകളുടെ ഉടമസ്ഥത ഇതേ നിക്ഷേപകർക്ക് തന്നെ ആകണമെന്നില്ല. |
| (സി) ഉണ്ടെങ്കിൽ കിഫ്ബിയുടെ പത്രക്കുറിപ്പിൽ സി.ഡി.പി.ക്യൂ എന്ന സ്ഥാപനമാണ് മസാല | സി.ഡി.പി.ക്യൂ എന്ന സ്ഥാപനത്തിന്റെ പേര് കിഫ്ബി സ്വന്തം നിലക്ക് വെളിപ്പെടുത്തിയിരുന്നില്ല. ആ |

| | |
|---|---|
| ബോണ്ടുകളിൽ നിക്ഷേപിച്ചിരിക്കുന്നത് എന്ന് വെളിപ്പെടുത്തിയത് എന്തടിസ്ഥാനത്തിലാണ്; | സ്ഥാപനത്തിന്റെ പേര് പത്രമാധ്യമങ്ങളിലൂടെയും പ്രമുഖരാഷ്ട്രീയ പാർട്ടികൾ വഴിയും ഉയർന്നു വന്നപ്പോൾ ശരിയായ വിശദീകരണം നൽകുന്നതിന്റെ ഭാഗമായി ആ സ്ഥാപനത്തിന്റെ അനുവാദം വാങ്ങിയ ശേഷമാണ് കിഫ്ബി സി.ഡി.പി.ക്യൂ എന്ന പേര് പൊതുമധ്യത്തിൽ ഉപയോഗിച്ചത്. |
| (ഡി) സംസ്ഥാനം ഗ്യാരണ്ടി നിൽക്കുന്ന ബോണ്ടുകൾ വാങ്ങുന്ന വ്യക്തികളുടെ/ കമ്പനികളുടെ വിവരങ്ങൾ പരസ്യപ്പെടുത്താൻ പാടില്ല എന്ന നോൺ ഡിസ് ക്ലോഷർ കരാറിൽ കിഫ്ബി ഏർപ്പെടാനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ? | സംസ്ഥാനം ഗ്യാരണ്ടി നിൽക്കുന്ന ബോണ്ടുകൾ വാങ്ങുന്ന വ്യക്തികളുടെ/ കമ്പനികളുടെ വിവരങ്ങൾ പരസ്യപ്പെടുത്താൻ പാടില്ല എന്ന ഒരു നോൺ ഡിസ് ക്ലോഷർ കരാറിൽ കിഫ്ബി ഏർപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ